4. സാംസ്കാരിക നിഘണ്ടു (2 വാല്യം), ഭാഷാ നിഘണ്ടു എന്നിവയുടെ പ്രസിദ്ധീകരണം.

5. നോളഡ്ജ് വെബ് റിപ്പോസിറ്ററി പൈലറ്റ് പ്രോജക്ട്.

6. മതിലകം രേഖകളുടെ ഡിജിറ്റലൈസേഷൻ

7. മഹാരാഷ്ട്രയിലെ പൂനെയിൽ 6-9-2014-ൽ കേരളോത്സവം സംഘടിപ്പിച്ചു.

മറ്റു പദ്ധതികളുടെ രൂപരേഖ ബന്ധപ്പെട്ട സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ളതും ആയത് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരികയുമാണ്.

സർക്കാർ പരസ്യങ്ങൾ നൽകിയ ഇനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക

106 (1542) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ പരസ്യങ്ങൾ നൽകിയ ഇനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

സർക്കാർ പരസ്യങ്ങൾ നൽകിയ ഇനത്തിൽ പഴയ നിരക്കുകൾ പ്രകാരം ഏകദേശം 30 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. പരസ്യം നൽകിയ വകയിൽ ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല

സർക്കാർ പരസ്യങ്ങൾക്ക് ചെലവായ തുക

107 (1543) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ താല്പര്യം സംരക്ഷിക്കുന്നതിനായി, പൊതുപണം ദുരുപയോഗപ്പെടുത്തി, സർക്കാർ പരസ്യങ്ങൾ നൽകുന്നതായി ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധമായി സുപ്രീംകോടതി നിയോഗിച്ച മൂന്നംഗ സമിതിയുടെ ശിപാർശകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത സമിതി നിർദ്ദേശിച്ച മാർഗ്ഗരേഖയും നിർദ്ദേശങ്ങളും വിശദമാക്കാമോ ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ സംസ്ഥാനത്ത് എന്നുമുതൽ നടപ്പിലാക്കിയിട്ടുണ്ട് ; ഈ സർക്കാരിന്റെ കാലത്ത് എല്ലാ ഇനത്തിലും പെട്ട പരസ്യങ്ങൾക്ക് ചെലവായ മൊത്തം തുകയുടെ കണക്കുകൾ വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സുപ്രീംകോടതി നിയോഗിച്ച മൂന്നംഗ സമിതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളുടെ കരടിന്റെ പകർപ്പ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) നിർദ്ദേശങ്ങൾ പരിഗണനയിലാണ്. ഈ സർക്കാരിന്റെ കാലത്ത് എല്ലാ ഇനത്തിലുംപെട്ട പരസ്യങ്ങൾക്കും മുൻ സർക്കാരിന്റെ കാലത്തെ കുടിശ്ശികയും ഉൾപ്പെടെ ഏകദേശം 104,29,60,888 (നൂറ്റി നാല് കോടി ഇരുപത്തി ഒൻപത് ലക്ഷത്തി അറുപതിനായിരത്തി എണ്ണൂറ്റി എൺപത്തിയെട്ട്) രൂപ ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ പരസ്യങ്ങൾ

108 (1544) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുപ്രീം കോടതി നിയോഗിച്ച മൂന്നംഗ സമിതിയുടെ നിർദ്ദേശമനുസരിച്ചാണോ സർക്കാർ പരസ്യങ്ങൾ നൽകുന്നത് ; വിശദമാക്കാമോ ;

(ബി) സർക്കാർ പരസ്യങ്ങളുടെ പെർഫോമൻസ് ആഡിറ്റ് നടത്താറുണ്ടോ ;

(സി) പരസ്യ ഇനത്തിൽ മാധ്യമങ്ങൾക്ക് നൽകാനുള്ള തുക എത്രയെന്ന് കണക്ക് സഹിതം വിശദമാക്കാമോ ?

ഉത്തരം

(എ) നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇല്ല.

(സി) പരസ്യ ഇനത്തിൽ മാധ്യമങ്ങൾക്ക് പഴയ നിരക്കുകൾ പ്രകാരം ഏകദേശം 30 കോടി (മുപ്പത് കോടി) രൂപ നൽകുവാനുണ്ട്. പരസ്യം നൽകിയ വകയിൽ ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly